# ഉപഹാരപ്പൊതി

## പഠനനേട്ടങ്ങൾ

1.* കഥ പറഞ്ഞുകേട്ടും സ്വയം വായിച്ചും കവിത ചൊല്ലിക്കേട്ടും സ്വയം ചൊല്ലിയും വിവരണം വായിച്ചുകേട്ടും സ്വയം വായിച്ചും ചർച്ചയിലൂടെ സൗന്ദര്യാംശം തിരിച്ചറിഞ്ഞ് ആസ്വദിക്കുക. ആസ്വദിച്ച കാര്യങ്ങൾ പോസ്റ്റർ, ഡയറി, റോൾപ്ലേ, സംഭാഷണം ചിത്രീകരണം എന്നീ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുന്നതിൽ ആഹ്ലാദം കണ്ടെത്തുക.

2.* വിവരണം, കടങ്കഥാസ്വഭാവമുള്ള കവിത കത്ത് എന്നിവ വായിച്ച് കാഴ്ചപ്പാടുകൾ തിരിച്ചറിയുകയും സ്വന്തം അഭിപ്രായം പോസ്റ്റർ കത്ത് എന്നീ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുകയും ചെയ്യുന്നതിൽ ആനന്ദിക്കുക.

3.* വാർത്തകൾ കേട്ടും വായിച്ചും വിശകലനം ചെയ്ത് സ്വന്തം പ്രതികരണം ചർച്ച / അഭിപ്രായ പ്രകടനം, പോസ്റ്റർ എന്നീ വ്യവഹാര രൂപങ്ങളിൽ രസകരമായി

അവതരിപ്പിക്കുന്നു.

4* കവിതയിൽ അടങ്ങിയ വിവിധ താളങ്ങളെ വേർതിരിച്ചറിഞ്ഞ് താളം പിടിച്ചു ചൊല്ലി രസിക്കുക.

5* ചേർച്ചയുള്ള വാക്കുകളെ കോർത്തിണക്കുമ്പോൾ ഗദ്യത്തിൽ വരുന്ന താളസ്വഭാവം അറിഞ്ഞാസ്വദിക്കുക. ഇത്തരം സന്ദർഭങ്ങളിലൂന്നി ഗദ്യഭാഗങ്ങൾ ഭാവാത്മകതയോടെ ആകർഷകമായി പറഞ്ഞും വായിച്ചും അവതരിപ്പിക്കുക

6* വാമൊഴി വഴക്കങ്ങൾ, ശൈലികൾ, നാടൻ പ്രയോഗങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ തുടങ്ങിയവ ഭാഷയ്ക്ക് നൽകുന്ന സൗന്ദര്യവും ശക്തിയും തിരിച്ചറിയുക. അവയെ ഉചിതമായും രസകരമായും പ്രയോഗിക്കുക. രസകരമായ പുതിയ കടങ്കഥകൾ നിർമ്മിച്ചു പങ്കിടുക.

7* രചനകളിലെ പകരംപദം, വിശേഷണം, ആഖ്യാതവും ആഖ്യയും പദങ്ങൾ തമ്മിലുള്ള അകലം, വരിയകലം, വലയികാ-ക്രമണം, ചിഹ്നം, (ചോദ്യചിഹ്നം, പൂർണ്ണവിരാമം തുടങ്ങിയ ഭാഷാവസ്തുതകൾ തിരിച്ചറിയുക. സ്വന്തം രചനകളിൽ ഉചിതമായി പ്രയോഗിക്കുക.

8* വിവിധ സന്ദർഭങ്ങൾ, സംഭവങ്ങൾ, ജീവിതാനുഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സംഭാഷണം, വിവരണം, ഡയറി, കത്ത് തുടങ്ങിയ സർഗാത്മക രചനകളിൽ ആകർഷകമായി ഏർപ്പെടുക

9* ചർച്ചകളിൽ പങ്കെടുത്ത് ടീച്ചറുടെ സഹായത്തോടെ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കുക. സ്വന്തം രചനകളും മറ്റുള്ളവരുടെ രചനകളും സൂചകങ്ങളുടെ വെളിച്ചത്തിൽ മെച്ചപ്പെടുത്തുന്നതിൽ ആഹ്ലാദിക്കുക.